LIBRARY ARCHIVES Kerala Legislative Assembly

ഹയർ സെക്കണ്ടറി മേഖലയിലെ അദ്ധ്യാപക ക്ഷാമം

205(4215) ശ്രീ. ഷാഹി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ വിരമിക്കൽ ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭരണപരമായ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അദ്ധ്യാപക നിയമന നടപടികളിൽ കഴിഞ്ഞ കുറെ വർഷങ്ങളായി കാലതാമസം വരുന്നത് ഹയർസെക്കണ്ടറി മേഖലയിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് അടക്കം വിദ്യാഭ്യാസ രംഗത്തെ ഗുരുതരമായി ബാധിക്കാനിടയുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സർക്കാർ ഹയർ സെക്കണ്ടറിയിലും മോഡൽ റസിഡൻഷ്യൽ സ്കൂളിലും പുതിയ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇക്കാര്യത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ മേഖലയിലെ അദ്ധ്യാപകക്ഷാമം പഠന നിലവാരത്തെ ബാധിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാനുള്ള എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സ്ഥിരം അദ്ധ്യാപകരില്ലാത്ത ഹയർ സെക്കണ്ടറി ബാച്ചുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ച് അദ്ധ്യയനം നടത്തിവരുന്നുണ്ട്.

(ഇ) ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കുന്നതിലും പ്രൊമോഷൻ നൽകുന്നതിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്)-ന്റെ 23-7-2018-ലെ സർക്കുലർ നമ്പർ 1/310/2018/ഉ.ഭ.പ.വ., കെ. എസ്. & എസ്. എസ്. ആർ. രണ്ടാം ഭാഗം ചട്ടം 28 (b) എന്നിവ പ്രകാരമുള്ള വ്യവസ്ഥകളും നടപടി ക്രമങ്ങളും വർഷങ്ങളായി ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് പാലിക്കാറില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 8-6-2021-ലെ സ.ഉ.(കെ)നമ്പർ 13/2021/ഉ.ഭ.പ.വ. ഉത്തരവ് പ്രകാരം വിവിധ എച്ച്. എസ്. എസ്. (ജൂനിയർ) തസ്തികയിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

8-6-2021-ലെ സ.ഉ.(കൈ) നമ്പർ 13/2021/ഉ.ഭ.പ.വ. പ്രകാരം HSST (Jr.) തസ്തികയിൽ 691 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ HSST(Jr.) തസ്തികകളിൽ പ്രതീക്ഷിത ഒഴിവുകളായി 103 വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോങ്ങാട് മണ്ഡലത്തിലെ ഓൺലൈൻ വിദ്യാഭ്യാസം

206(4216) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പൂഞ്ചോല, കാണിവായ് എന്നീ സ്ഥലങ്ങളിൽ മൊബൈൽ നെറ്റ്വർക്ക് ലഭിക്കാത്തതിനാൽ ആദിവാസി മേഖലയിൽ ഉൾപ്പെട്ട 300-ഓളം കുട്ടികൾക്ക് ഓൺലൈൻ ക്ലാസിൽ പങ്കെടുക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അപാകത പരിഹരിച്ച് പ്രസ്തുത വിദ്യാർത്ഥികൾക്ക് ഓൺലൈൻ വിദ്യാഭ്യാസ സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ഉണ്ട്. കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ പൂഞ്ചോല, കാണിവായ് എന്നീ സ്ഥലങ്ങളിൽ മൊബൈൽ നെറ്റ്വർക്ക് ലഭിക്കാത്തത് നൂറോളം വിദ്യാർത്ഥികൾക്കാണ്. ഈ അപാകത പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഭിന്നശേഷിക്കാർക്ക് സംവരണം

207(4217) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങളിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ബാധകമാക്കിയിട്ടുണ്ടോ;

ഇല്ല.